LIBRARY ARCHIVES Kerala Legislative Assembly

മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം

278 (3306) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുമോ; എങ്കിൽ പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭിക്കുമോ; വ്യക്തമാക്കുമോ?

കോവിഡ് -19 വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി വളരെയധികം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ച റേഷൻകട ലൈസൻസികൾക്കും സെയിൽസ്മാൻമാർക്കും (28398 എണ്ണം) കോവിഡ്മൂലം മരണപ്പെടുന്നപക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന (ഒരു വർഷക്കാലത്തേയ്ക്ക മാത്രം) 7.5 ലക്ഷം രൂപ നഷ്ടപരിഹാര ക്ലെയിം നൽകുന്ന കോവിഡ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി 12-7-2021-ലെ സ.ഉ.(കൈ)നമ്പർ 22/2021/ഭ.പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം അർഹരായ FPS ഡീലർമാരുടെയും സെയിൽസ്മാൻമാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിൽവരുത്താനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത ആനുകൂല്യത്തിന് മുൻകാല പ്രാബല്യം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

റേഷൻ കടകളിൽ ബ്ലൂടൂത്ത് ത്രാസ്സുകൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസ് ബന്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

റേഷൻ വിതരണം

279 (3307) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ അവശ്യവസ്തുക്കളും റേഷൻ കടകൾ വഴി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യപടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പാഴ്സൽ സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പാഴ്സലിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പാഴ്സലുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സി.എൻ.ജി. പമ്പുകൾ

280 (3308) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സി.എൻ.ജി. പമ്പുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സി.എൻ.ജി. പമ്പുകളുടെ വിശദാംശങ്ങൾ ഓയിൽ കമ്പനി അധികൃതർ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly